## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### അർഹരായവരെ ഉൾപ്പെടുത്തി ബി.പി.എൽ പട്ടിക

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1355 — 13.06.2014 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം. |
|---|---|---|---|
| ശ്രീ. വി.ശശി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ബി.പി.എൽ പട്ടിക നിലവിലുണ്ടെങ്കിൽ അത് എന്ന് നിലവിൽ വന്നതാണ്; | (എ) | 2009 ബിപിഎൽ സർവ്വേ പ്രകാരം ബിപിഎൽ പട്ടിക 2011 ഫെബ്രുവരി മാസം നിലവിൽ വന്നിട്ടുണ്ട് |
| (ബി) | പ്രസ്തുത പട്ടികയിൽ അനർഹർ കടന്നുകൂടിയെന്നും അർഹർ ഒഴിവാക്കപ്പെട്ടുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത ആക്ഷേപം ഒഴിവാക്കി അർഹരുടെ പട്ടികയായി മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. പ്രസിദ്ധീകരിച്ച ബി.പി.എൽ പട്ടികയിന്മേൽ ആക്ഷേപങ്ങൾ/ പരാതികൾ സമർപ്പിക്കുവാൻ പൊതുജനങ്ങൾക്കവസരം നൽകിയിരുന്നു. ടി പരാതികൾ/ ആക്ഷേപങ്ങൾ, എസ്.ഇ.സി.സി എന്യൂമറേറ്റർമാരെ ഉപയോഗിച്ച് പരിശോധിക്കുവാൻ ഉത്തരവായെങ്കിലും, തത്ക്കാലം ഈ തീരുമാനം നടപ്പിലാക്കേണ്ട എന്നും ആവശ്യമെങ്കിൽ ഇവ സാമൂഹിക സാമ്പത്തിക ജാതി സെൻസസ്സിനു ശേഷം (SECC) പരിശോധിക്കാമെന്നും 27.04.2012 ലെ സ.ഉ(സാധാ)നമ്പർ |

| | | | |
|---|---|---|---|
| | | | 1205/2012/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബം പിന്നീടുള്ള പരിശോധനയിൽ അനർഹരാണെന്ന് കണ്ടെത്തിയാൽ അത്തരം കുടുംബങ്ങളെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് തീരുമാനമെടുക്കുവാൻ ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് അധികാരമുണ്ടായിരിയ്ക്കുമെന്ന് ബി.പി.എൽ സർവ്വേ സംബന്ധിച്ച 14.01.2011 ലെ 16/2011/തസ്വഭവ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഡി) | പുതുതായി ബി.പി.എൽ പട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ സംസ്ഥാനത്ത് നടന്നുവരുന്ന സാമൂഹികസാമ്പത്തികജാതി സെൻസസ് 2014 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ മേൽ സാഹചര്യത്തിൽ പുതുതായി ബി.പി.എൽ പട്ടിക തയ്യാറാക്കേണ്ട സാഹചര്യമില്ലെന്നു കാണുന്നു. |

സെക്ഷൻ ഓഫീസർ